കല്ലട ഇറിഗേഷൻ പ്രോജക്ട്

113 [1052] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ എന്തൊക്കെ നിർമ്മാണപ്രവർത്തനങ്ങളാണ് നടക്കുന്നത്;

(ബി) ഇവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ചുവടെ നൽകുന്നു:

1. പറവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ 23 ാം കി. മീറ്ററിലുള്ള ലിഫ്റ്റിന്റെ പണികൾ. ഇത് 31-8-2005-ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2. കോട്ടപ്പുറം ഡിസ്ട്രിബ്യൂട്ടറിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇത് 31-10-2005-ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

3. പുതുക്കുളം മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെയും സബ് മൈനറിന്റെയും നിർമ്മാണപ്രവർത്തനം. ഈ പണികൾ 31-10-2005-ന് പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

മാള നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

114 [1053] *ശ്രീ. ടി. യു. രാധാകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ കൊണ്ടോഴിഞ്ഞാൽ, മാളച്ചാൽ, പുത്തൻചിറ, വഞ്ചിപുരത്താഴം, മംഗലംകുളം-പുഷ്പത്തി, അഷ്ടമിച്ചിറ, തണ്ടാത്തിക്കുളം എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഓരോന്നും ഈ നടപ്പുവർഷം പൂർത്തിയാക്കാൻ കഴിയുമോ;

(ബി) ഗവൺമെന്റിന്റെ "ബഹുദൂരം അതിവേഗം" പദ്ധതിയിൽ ഈ സ്കീമുകളെ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാമോ;

(സി) ഈ പദ്ധതികൾ ഓരോന്നും എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly